(എ) കേരളത്തിൽ പഴം-പച്ചക്കറി സംഭരണത്തിനും സംസ്കരണത്തിനും വേണ്ടി ഭക്ഷ്യ വകുപ്പ് എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) പഴവർഗ്ഗങ്ങളും പച്ചക്കറികളും ശീതീകരിച്ചും ഉണക്കിയും ദീർഘകാലം സൂക്ഷിക്കുവാൻ ഉദ്ദേശിച്ച് ഒരു പഴം പച്ചക്കറി ശീതീകരണശാലയും (1250 ടൺ) ഒരു നിർജ്ജലീകരണശാലയും (പ്രതിദിനം 2 ടൺ) സ്ഥാപിക്കുന്നതിനുള്ള പദ്ധതി എറണാകുളം ജില്ലയിൽ നടപ്പിലാക്കിവരുന്നു. തൽഫലമായി വില നിയന്ത്രണത്തിനും കർഷകർക്ക് ന്യായവില ഉറപ്പാക്കാനും സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

(സി) കേന്ദ്ര സർക്കാരിന്റെ APEDA(Agriculture and Processed Food Products Export Development Authority) എന്ന സ്ഥാപനവുമായി സാമ്പത്തിക സഹകരണത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) പദ്ധതി നടപ്പാക്കാൻ കേരള സർക്കാർ 12.31 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ APEDA മുഖേന 7.23 കോടി രൂപയും കേരള സർക്കാർ 1.25 കോടി രൂപയും പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ചിട്ടുണ്ട്.

റേഷനരിയുടെ കള്ളക്കടത്ത്

203 (3953) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷനരിയുടെ കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇത്തരത്തിൽ സ്വകാര്യ മില്ലുകളിലെത്തുന്ന റേഷനരി പായ്ക്കറ്റുകളിലാക്കിയും, പൊടിയാക്കിയും മറ്റും വിപണനം ചെയ്യുന്നത് കണ്ടെത്തുന്നതിന് എന്തെല്ലാം പരിശോധനകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) മുൻവർഷം രൂപമാറ്റം നടത്തി റേഷനരി വിതരണം ചെയ്ത എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും, റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും, പൂഴ്ത്തിവയ്പും, കള്ളക്കടത്തും തടയുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇത് തടയുന്നതിനായി പൊതു വിപണിയിലും റേഷൻ മൊത്ത വിതരണ കേന്ദ്രങ്ങളിലും റേഷനിംഗ് ഇൻസ്പെക്ടർമാർ, താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ തുടങ്ങിയ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്താറുണ്ട്. പൊതു വിപണികളിൽ അനധികൃതമായി സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങൾ പിടിച്ചെടുക്കുകയും ക്രമക്കേടുകൾ കാണിക്കുന്നവർക്കെതിരെ അവശ്യസാധനനിയമം പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) ഇത്തരത്തിൽ സ്വകാര്യമില്ലുകളിലെത്തുന്ന റേഷനരി പായ്ക്കറ്റുകളിലാക്കിയും, പൊടിയാക്കിയും മറ്റും വിപണനം ചെയ്യുന്നത് കണ്ടെത്തുന്നതിന് പൊതുവിപണികളിൽ സംശയാസ്പദമായി തോന്നുന്ന ഇടങ്ങളിലും പരാതികൾ ലഭിക്കുന്നിടത്തും പരിശോധനകൾ നടത്തുന്നുണ്ട്.

(സി) രൂപമാറ്റം നടത്തി റേഷനരി വിതരണം ചെയ്തത് സംബന്ധിച്ച കേസ്സുകൾ നിലവിലില്ല. എന്നാൽ ഈ കഴിഞ്ഞ 6 മാസത്തിൽ റേഷനരി കടത്തുമായി ബന്ധപ്പെട്ട് '35' കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും, റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും, പൂഴ്ത്തിവയ്പും, കള്ളക്കടത്തും തടയുന്നതിനുമായി ശക്തമായ പരിശോധനാ സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. സംസ്ഥാനതലത്തിൽ ഒരു വിജിലൻസ് ഓഫീസറെ നിയമിച്ച് ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിലും പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly